നം.167/ഇ/16/കെ.എം.എ. തീയതി: 22.6.16

കേരള മീഡിയ അക്കാദമി ലൈബ്രറിയിലേക്ക് സൂചനപ്രകാരം അംഗീകരിച്ച പട്ടിക ബിൽ ഉൾപ്പെടെ ഇംഗ്ലീഷ് (ജനറൽ), മലയാളം (ജനറൽ), ജേർണലിസം സബ്ജക്ട് ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭ്യമാക്കുന്നതിന് മത്സരാധിഷ്ഠിത ക്വട്ടേഷൻ ക്ഷണിക്കുന്നു. ക്വട്ടേഷനുകളിൽ പരമാവധി ഡിസ്കൗണ്ട് ശതമാനം ഇംഗ്ലീഷ് (ജനറൽ), മലയാളം (ജനറൽ), ജേർണലിസം സബ്ജക്ട് ഇംഗ്ലീഷ് എന്നിവയ്ക്ക് പ്രത്യേകം പ്രത്യേകമായി രേഖപ്പെടുത്തണം. പ്രസാധകർ സമർപ്പിക്കുന്ന ക്വട്ടേഷനുകളിൽ മറ്റ് പ്രസാധകരുടെ പുസ്തകങ്ങൾ നൽകുമെങ്കിൽ അവയുടെ പരമാവധി ഡിസ്കൗണ്ടും പ്രത്യേകം കാണിക്കേണ്ടതാണ്.

വിദേശ ബുക്കുകളിൽ പ്രസാധകരുടെ പ്രൈസ് പ്രൂഫ്, ജി.ഒ.സി(ഗുഡ് ഓഫീസ് കമ്മറ്റി) പ്രകാരമുള്ള കൺവേർഷൻ നിരക്ക് എന്നിവ നൽകണം. നൽകുന്ന പുസ്തകങ്ങൾ ലഭ്യമായ ഏറ്റവും പുതിയ എഡിഷനിലുള്ളവയായിരിക്കണം. ലഭിക്കുന്ന ക്വട്ടേഷനുകളിൽ ഒരെണ്ണമോ മുഴുവനായോ കാരണം കൂടാതെ നിരസിക്കാൻ കേരള മീഡിയ അക്കാദമി സെക്രട്ടറിക്ക് അധികാരമുണ്ടായിരിക്കും.

മുദ്രവച്ച കവറിലുള്ള ക്വട്ടേഷനുകൾ 2016 ജൂലൈ 8ന് പകൽ 4 മണിക്കകം സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട്, കൊച്ചി-30 എന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്. അന്ന് പകൽ 4.30ന് ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ ക്വട്ടേഷനുകൾ തുറക്കും. ക്വട്ടേഷൻ അയയ്ക്കുന്ന കവറിനുപുറത്ത് 'പുസ്തകങ്ങൾ വാങ്ങുന്നതിനുള്ള ക്വട്ടേഷൻ' എന്നു രേഖപ്പെടുത്തണം.

സെക്രട്ടറി

പകർപ്പ്: 1. വെബ്സൈറ്റ്, കേരള മീഡിയ അക്കാദമി
2. നോട്ടീസ് ബോർഡ് (കേരള മീഡിയ അക്കാദമി)
3. മേഖല ഡപ്യൂട്ടി ഡയറക്ടർ, ഐ&പി.ആർ.ഡി, എറണാകുളം
(ആമുഖകത്ത് സഹിതം നോട്ടീസ് ബോർഡിൽ പതിക്കുന്നതിന്)
4. ഫയൽ കോപ്പി
5. കരുതൽ കോപ്പി